**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1289** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായത്തിനായി അപേക്ഷിക്കുന്നവരോട് ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ വരുമാനസർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ധനസഹായത്തിനായി അപേക്ഷിക്കുന്നതിനുള്ള അർഹതാ മാനദണ്ഡമായി കുടുംബവാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയായിരിക്കണം എന്ന് 12.02.2019 തീയതിയിലെ സ.ഉ.(കൈ)നം.52/2019/റവ നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം വരുമാന പരിധി സംബന്ധിച്ച വ്യക്തത ആവശ്യമായി വരുന്ന കേസുകളിൽ ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ വരുമാനസർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതായി കാണുന്നു.

**(ബി)** രോഗചികിൽസാ സഹായത്തിനായി നൽകുന്ന അപേക്ഷ തുടർ പരിശോധനക്കായി വില്ലേജ് ആഫീസിൽ എത്തുന്നതിനാൽ രോഗം ബാധിച്ച് ദുരിതം അനുഭവിക്കുന്ന അപേക്ഷകരെ മുൻകൂർ വരുമാന സർട്ടിഫിക്കറ്റ് വേണം എന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുമോ?

**<u>മറുപടി:</u>** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിനായി അപേക്ഷിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**